പി3/16673/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 30/10/2018

## സർക്കുലർ

വിഷയം: - കോളേജ് വിദ്യാഭ്യാസ വകുപ്പ് - സർക്കാർ കോളേജ് ലൈബ്രറികളിൽ ലൈബ്രറി ഇന്റേൺസിനെ താത്ക്കാലികമായി നിയമിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 10/05/2018 - ലെ സ.ഉ(സാധാ) നം 931/2018/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്

2. 02/08/2018, 22/10/2018 തീയതികളിൽ ബഹുമാനപ്പെട്ട കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗങ്ങൾ.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജ് ലൈബ്രറികളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സൂചന (1) പ്രകാരം നടപ്പ് സാമ്പത്തിക വർഷം 275 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സൂചന 02 തീരുമാനങ്ങൾ പ്രകാരം സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ലൈബ്രറി ഇന്റേൺസിനെ താത്ക്കാലികമായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. BLIS ബിരുദം വിജയകരമായി പൂർത്തിയാക്കിയ 02 ഇന്റേൺസിനെ ഒരു ലൈബ്രറിയിൽ പ്രതിമാസം 12000/- (പന്ത്രണ്ടായിരം രൂപ മാത്രം) രൂപ നിരക്കിൽ നിയമിക്കാവുന്നതാണ്.

ഇന്റേൺസിന്റെ സേവനം എല്ലാ സർക്കാർ കോളേജ് ലൈബ്രറികളിലും പ്രയോജനപ്പെടുത്തുന്നതിന് കോളേജ് പ്രിൻസിപ്പാൾ, സബ്ജക്ട് എക്സ്പേർട്ട്, കോളേജ് ലൈബ്രറിയൻ എന്നിവർ ഉൾപ്പെടുന്ന അഭിമുഖ പാനൽ തയ്യാറാക്കി 12/11/2018 - നകം നേരിട്ടുള്ള അഭിമുഖം (Wide Publicity) നടത്തി ലൈബ്രറി ഇന്റേൺസിനെ താത്ക്കാലികമായി നിയമിക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായി വരുന്ന തുക 2202 - 03 - 103 - 76 - Upgradation of Government College Libraries എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും അനുവദിക്കുന്നതായിരിക്കും.

ഒപ്പ്/-
ഹരിത.വി.കുമാർ.ഐ.എ.എസ്
കോളജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:
1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
2. ബഡ്ജറ്റ് കെ സെക്ഷൻ
3. സിസ്റ്റം മാനേജർ
4. നടപ്പ് ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//